**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 837** **09-08-2023 - ൽ മറുപടിയ്ക്ക്**

**വാടാനപ്പള്ളിയിലെ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതെന്നാണ്; അറിയിക്കുമോ; | (എ) | 12/10/2017-ൽ വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിനും, വില്ലേജ് ഓഫീസിനുമായിട്ടുള്ള കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. |
| (ബി) | ഏത് ഏജൻസിയാണ് കെട്ടിട നിർമ്മാണം നടത്തിയത്; | (ബി) | പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) |
| (സി) | പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; | (സി) | വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിനും, വില്ലേജ് ഓഫീസിനുമായി നിർമ്മിച്ച കെട്ടിടസമുച്ചയത്തിന്റെ എസ്റ്റിമേറ്റ് തുക 65,00,000/- (അറുപത്തിയഞ്ച് ലക്ഷം) രൂപയാണ്. |
| (ഡി) | കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ട് നാളുകളായിട്ടും പുതിയ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പ്രസ്തുത കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റാതിരിക്കുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ; | (ഇ) | പുതിയ ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ ഒന്നാം നിലയിലാണ് സബ് രജിസ്ട്രാർ ഓഫീസിന് സ്ഥലം അനുവദിച്ചിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിൽ റിക്കാർഡ് റൂമിന്റെ സ്ഥലപരിമിധി മൂലം ഒരു പുതിയ റിക്കാർഡ് റൂം നിർമ്മിക്കുവാൻ 19/05/2022-തീയതിയിലെ സ.ഉ(സാധാ) നം.401/2022/ടാക്സസ് നമ്പർ പ്രകാരം ഭരണാനുമതി ഉത്തരവ് നൽകുകയും, ആയതിന്റെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയാകാത്ത തിനാലാണ് ഓഫീസ് പ്രവർത്തനം മാറ്റാൻ കഴിയാത്തത്. പുതിയ കെട്ടിടത്തിൽ റിക്കാർഡ് റൂമിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത കെട്ടിടത്തിൽ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ; | (എഫ്) | (ഇ ) പിരിവിൽ ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ